ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01-07-2024**

## പ്രധാനവാർത്തകൾ

1). രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിൽ ലോക് സഭയിലും രാജ്യസഭയിലും ചർച്ച പുരോഗമിക്കുന്നു. നീറ്റ് വിഷയം ഉയർത്തി ലോക് സഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

2). ട്വൻറി- 20 ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ച് കേരള നിയമസഭ.

3). പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി മുഖ്യമന്ത്രി ; പോലീസ് സേനയിൽ ആത്മഹത്യ കൂടുന്നുവെന്ന് പ്രതിപക്ഷം. സഭയിൽ ഇന്നും വാക്കൗട്ട്.

4). വിഴിഞ്ഞം തുറമുഖത്തിൻറെ ട്രയൽ റൺ ഈ മാസം നടക്കുമെന്ന് മന്ത്രി വി.എൻ വാസവൻ.

5). നാല് വർഷ ബിരുദ കോഴ്സിന് സംസ്ഥാനത്ത് ഇന്ന് തുടക്കം.

6). മലപ്പുറം വള്ളിക്കുന്നിൽ മഞ്ഞപ്പിത്തം പടരുന്നു ; കോഴിപ്പുറത്ത് നാല് വിദ്യാർത്ഥികൾക്ക് ഷിഗെല്ല.

*************************************************************************

RNU TVPM

**<u>മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ</u>**

മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ രാജ്യത്ത് പ്രാബല്യത്തിൽ വന്നു. ഐപിസിക്ക് പകരമായി ഭാരതീയ ന്യായസംഹിതയും സിആർപിസിക്ക് പകരമായി ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയും ഇന്ത്യൻ തെളിവു നിയമത്തിനു പകരമായി ഭാരതീയ സാക്ഷ്യ അധിനിയവുമാണ് നിലവിൽ വന്നത്.

*********************************************************************

**<u>പാർലമെൻറ് പ്രതിഷേധം</u>**

രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിൽ പാർലമെന്റിന്റെ ഇരുസഭകളും ചർച്ച നടക്കുന്നു. ലോക്സഭയിൽ ബിജെപി എംപി അനുരാഗ് സിംഗ് താക്കൂർ ചർച്ചക്ക് തുടക്കമിട്ടു. ലോക്സഭാ നടപടി ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി നീറ്റ് ക്രമക്കേടിൽ ചർച്ച ആവശ്യപ്പെട്ടു. നന്ദി പ്രമേയത്തിന് ശേഷം മാത്രമേ ചർച്ച ചെയ്യാൻ സാധിക്കൂ എന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു. പിന്നാലെ പ്രതിഷേധമുയർത്തിയ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. രാജ്യസഭ സമ്മേളിച്ചപ്പോഴും പ്രതിപക്ഷം ഇതേവിഷത്തിൽ അടിയന്തര പ്രമേയ നോട്ടീസ് നലർകി. എന്നാൽ ചെയർമാൻ ജഗ്ദീപ് ധൻഖർ അനുമതി നിഷേധിച്ചു. പാർലമെൻറിന് പുറത്തും പ്രതിപക്ഷം പ്രതിഷേധമുയർത്തി.

PNUTVPM

*********************************************************************

**<u>നീറ്റ് ഫലം</u>**

നീറ്റ് പുനഃപരീക്ഷ എഴുതിയ എണ്ണൂറ്റി പതിമൂന്ന് വിദ്യാർഥികളുടെ ഫലം പ്രസിദ്ധീകരിച്ചു. ഇതൊടൊപ്പം NEET (UG) എഴുതിയ എല്ലാവരുടേയും പുതുക്കിയ റാങ്കും പ്രഖ്യാപിച്ചു. എല്ലാ

പരീക്ഷാർത്ഥികളുടെയും പുതുക്കിയ സ്കോർ കാർഡുകൾ വെബ്സൈറ്റിൽ ലഭ്യമാണ്.

*********************************************************************

## കേരള നിയമസഭ - ക്രിക്കറ്റ്

T 20 ക്രിക്കറ്റ് ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിന് അഭിനന്ദനം രേഖപ്പെടുത്തി കേരള നിയമസഭ. കിരീടനേട്ടം രാജ്യത്തിനാകെ അഭിമാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കളിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും മലയാളി താരം സഞ്ജു വി സാംസൺ ടീമിൽ ഉണ്ടായിരുന്നു എന്നത് അഭിമാനകരമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*********************************************************************

## നിയമസഭ-പ്രതിപക്ഷ വാക്കൗട്ട്

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പി.സി.വിഷ്ണുനാഥാണ് അടിയന്തരപ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. പോലീസിലെ ജോലിഭാരം വർദ്ധിക്കുന്നു എന്നും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ജോലിഭാരം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാനസിക സംഘർഷം കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം വാക്കൗട്ട് നടത്തി. കഴിഞ്ഞ 5 വർഷത്തിൽ 88 പോലീസുകാരാണ് ആത്മഹത്യ ചെയ്തത് എന്നും പി സി വിഷ്ണുനാഥ് പറഞ്ഞു. പോലീസ് ഉദ്യോഗസ്ഥർക്ക് സ്വന്തം കുടുംബങ്ങളോടൊപ്പം

RNUTVPM

ചെലവഴിക്കാൻ അവധി ലഭിക്കാത്ത സാഹചര്യമുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

*******************************************************************

**<u>നിയമസഭ - കെ. എൻ ബാലഗോപാൽ</u>**

സംസ്ഥാനത്തെ ട്രഷറി തട്ടിപ്പിനെതിരെ ശക്തമായ നടപടി

സ്വീകരിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ. കുറ്റക്കാരായ ജീവനക്കാരെ സർവീസിൽ നിന്നും പുറത്താക്കി. ധനാപഹരണം നടത്തിയ ജീവനക്കാരിൽ നിന്ന് റവന്യു റിക്കവറി വഴി

18 % പലിശയടക്കം മുഴുവൻ തുകയും ഈടാക്കി. ട്രഷറി സോഫ്റ്റ്വെയറുകളിലും നടപടി ക്രമങ്ങളിലും കാതലായ മാറ്റം വരുത്തിയെന്നും മന്ത്രി അറിയിച്ചു.

(വോയ്സ്-മന്ത്രി)

*******************************************************************

**<u>വി.എൻ വാസവൻ - നിയമസഭ</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റണ്ണിനായുള്ള

പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്ന് മന്ത്രി

വി എൻ വാസവൻ. ട്രയൽ റൺ ഈ മാസം ഉണ്ടാകും.

ഈ വർഷം ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യുമെന്നും മന്ത്രി

അറിയിച്ചു.

(വോയ്സ് മന്ത്രി)

*******************************************************************

**<u>നിയമസഭ - പി രാജീവ്</u>**

കൈത്തറി തൊഴിലാളികൾക്കുള്ള കൂലി കുടിശികയായ

18 കോടി രൂപ അടിയന്തരമായി നൽകാൻ നടപടി

സ്വീകരിക്കുമെന്ന് മന്ത്രി പി രാജീവ്. പരുത്തിയുടെ വിലക്കയറ്റം

കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

PNUTVPM

(വോയ്സ് മന്ത്രി)

*****************************************************************

**75 വർഷങ്ങൾ**

തിരു- കൊച്ചി ലയനത്തിന് ഇന്ന് എഴുപത്തിയഞ്ച് വർഷം പൂർത്തിയായി. തിരുവിതാംകൂറും കൊച്ചിയും 1949 ജൂലൈ ഒന്നിനാണ് പരസ്പരം ലയിച്ച് തിരുവനന്തപുരം തലസ്ഥാനമാക്കി ഒറ്റ രാജ്യമായി തീർന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ ജില്ലകളാണ് ഇന്ന് എഴുപത്തിയഞ്ചാം പിറന്നാൾ ആഘോഷിക്കുന്നത്.

*****************************************************************

**ബിരുദ കോഴ്സ്**

നാല് വർഷ ബിരുദ കോഴ്സിന് കേരളത്തിൽ ഇന്ന് തുടക്കമാകും. കേരള, കലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകൾക്ക് കീഴിലെ 864 കോളേജുകളിലും കേരള, മലയാളം, സംസ്കൃത സർവകലാശാലകളിലെ പഠന കേന്ദ്രങ്ങളിലുമായാണ് നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്. രണ്ടര ലക്ഷം വിദ്യാർത്ഥികൾ ആദ്യ ദിനം കോളേജുകളിലെത്തും. തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും.

*****************************************************************

**ഭൂമി തരംമാറ്റൽ**

ഭൂമി തരംമാറ്റൽ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന വികേന്ദ്രീകരണ സംവിധാനത്തിൻറെ ഉദ്ഘാടനം മന്ത്രി കെ.രാജൻ ഇന്ന് നിർവഹിക്കും.

RNU TVPM

************************************************************************

## ഹജ്ജ്

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിന് പോയവരുടെ മടക്കയാത്ര ഇന്നു മുതൽ. കോഴിക്കോട് നിന്ന് യാത്ര തിരിച്ച ഹാജിമാരാണ് ഇന്ന് മുതൽ മടങ്ങിയെത്തുന്നത്. കോഴിക്കോട്ടേക്കുള്ള ആദ്യ വിമാനം ഇന്ന് വൈകിട്ട് കരിപ്പൂരിലെത്തും. 166 ഹാജിമാരാണ് ആദ്യ വിമാനത്തിൽ എത്തുന്നത്.

************************************************************************

## മഞ്ഞപ്പിത്തം - മലപ്പുറം

മലപ്പുറം വള്ളിക്കുന്നിൽ മഞ്ഞപ്പിത്തം പടരുന്നതായി റിപ്പോർട്ട്. അത്താണിക്കലിൽ മാത്രം 284 പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. വള്ളിക്കുന്ന് മണ്ഡലത്തിൽ 459 പേർ ചികിത്സ തേടി. ചേലേമ്പ്രയിൽ 15 വയസുകാരി ഇന്നലെ രോഗം ബാധിച്ച് മരിച്ചു. പ്രദേശത്ത് ജാഗ്രത നിർദേശം നൽകി. പോത്തുകല്ലിലും മഞ്ഞപ്പിത്ത ഭീതി നിലനിൽക്കുന്നു.

RNU TVPM

************************************************************************

## ഷിഗെല്ല - മലപ്പുറം

മലപ്പുറത്ത് വിദ്യാർഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ചതായി ആരോഗ്യവകുപ്പ്. കോഴിപ്പുറത്തു വെണ്ണായൂർ എഎംഎൽപി സ്കൂളിലെ വിദ്യാർഥികൾക്കാണു ഷിഗല്ല സ്ഥിരീകരിച്ചിരിക്കുന്നത്. ഭക്ഷ്യ വിഷബാധയേറ്റ 127 കുട്ടികൾ ചികിത്സ തേടിയിരുന്നു. ഇവരിൽ നാലു പേരെ പരിശോധിച്ചപ്പോഴാണ് ഷിഗല്ല തിരിച്ചറിഞ്ഞത്. ആർക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളില്ല.

************************************************************************

## കോഴിക്കോട് - മലേറിയ

കോഴിക്കോട് നാദാപുരത്ത് അതിഥി തൊഴിലാളിക്ക് മലേറിയ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നാദാപുരം ഗ്രാമപഞ്ചായത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങി. അതിഥിതൊഴിലാളി ജോലിചെയ്യുന്നസ്ഥാപനത്തിന് ചുറ്റുമുള്ള വീടുകളിൽനിന്നും രക്തപരിശോധനക്കായി സാമ്പിളുകൾ ശേഖരിച്ചു.

*****************************************************************

## പക്ഷിപ്പനി

പക്ഷിപ്പനി പടർന്ന് പിടിച്ച ആലപ്പുഴയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നാളെയോടെ പൂർത്തിയാകും. ചേന്നം, പള്ളിപ്പുറം, കടക്കരപ്പള്ളി, പട്ടണക്കാട്, തണ്ണീർമുക്കം, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ ഇനിയും പക്ഷികളെ കൊന്നൊടുക്കാനുണ്ട്.

*****************************************************************

## ഡോക്ടേഴ്സ് ദിനം

ഇന്ന് ദേശീയ ഡോക്ടർസ് ദിനം. അർപ്പണഭാവത്തോടെ സമൂഹത്തിൻറെ ക്ഷേമത്തിനും ആരോഗ്യത്തിനുമായി പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ നിസ്വാർത്ഥ സേവനങ്ങളെ തിരിച്ചറിയുവാനും നന്ദി പ്രകാശിപ്പിക്കുവാനുമുള്ള അവസരമായി രാജ്യം ജൂലൈ ഒന്ന് ഡോക്ടർമാരുടെ ദിനമായി ആചരിക്കുന്നു. പ്രതിഭാശാലിയായ ഡോക്ടറും, സ്വാതന്ത്ര്യ സമര സേനാനിയും, പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയുമായിരുന്ന ഡോ. ബിധാൻ ചന്ദ്ര റോയിയുടെ ജന്മദിനവും ചരമദിനവുമായ ജൂലൈ ഒന്ന് ദേശീയ ഡോക്ടേഴ്സ് ദിനമായി 1991 മുതൽ ആചരിച്ചു വരുന്നത്.

RNU TVPM

**********************************************************************

## വനിതാ ക്രിക്കറ്റ്

ചെന്നൈയിൽ നടക്കുന്ന വനിതാ ടെസ്റ്റ് ക്രിക്കറ്റിൻറെ നാലാം ദിനത്തിൽ ഇന്ത്യയ്ക്കെതിരെ ശക്തമായി പൊരുതി ദക്ഷിണാഫ്രിക്ക. രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിച്ച ദക്ഷിണാഫ്രിക്ക, ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 302 റൺസ് എന്നനിലയിൽ. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോർ മറികടക്കാൻ ഇനി 35 റൺസ് കൂടി വേണം. ആദ്യ ഇന്നിംഗ്സിൽ ആറ് വിക്കറ്റിന് ഇന്ത്യ 603 റൺസ് നേടി.

**********************************************************************

## കാലാവസ്ഥ - സംസ്ഥാനം

കേരളത്തിൽ വ്യാഴാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മിതമായ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ കാറ്റിനും സാധ്യതയുണ്ട്.

**********************************************************************

## വനമഹോത്സവം

ഈ വർഷത്തെ വനമഹോത്സവം ഇന്നുമുതൽ ജൂലൈ ഏഴ് വരെ നടക്കും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്ത് നാളെ മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിക്കും.

**********************

**********************************************************************

RNUTVPM